TSNMHS KUNDURKUNNU

# LITTLE KITES ANNUAL REPORT 2025–26

TSNMHS കുണ്ടൂർകുന്നിലെ ലിറ്റിൽ കൈറ്റ് യൂണിറ്റ് 2025- 26 വർഷത്തിൽ വിവിധ പ്രവർത്തനങ്ങൾ നടത്തി.

## 2025 MAY

മെയ് 30 ന് 2024 -20027 ബാച്ചിന് PHASE 1 സ്കൂൾ ക്യാമ്പ് നടത്തി.

മലയാള മനോരമ



**അവധിക്കാല ക്യാംപ് നടത്തി**

തച്ചനാട്ടുകര ● കുണ്ടൂർക്കുന്ന് ടിഎസ്എൻഎം ഹൈസ്കൂളിൽ നടന്ന ലിറ്റിൽ കൈറ്റ് അവധിക്കാല മീഡിയ ക്യാംപ് എ.എം.രവീന്ദ്രൻ ഉദ്ഘാടനം ചെയ്തു. കൈറ്റ് പരിശീലകരായ കെ.മുഹമ്മദ് ഷാനിഫ്, ടി.ഷിഹാബുദ്ദീൻ, കെ.ആർ സുജിത, കെ.കെ.സുധീർ, വി.പി.ഷിനു എന്നിവർ നേതൃത്വം നൽകി. പ്രൊമോ വിഡിയോ, റീൽസ്, വിഡിയോ എഡിറ്റിങ്, ക്യാമറ എന്നിവയിൽ പരിശീലനം നടന്നു.

## 2025 JUNE

സ് കൂൾ പ്രവേശനോത്സവം ,വിജയോത്സവം, മറ്റ ദിനാചരണങ്ങൾ എന്നിവയുടെ ഡോക്യുമെന്റേഷൻ ,പുതിയ അധ്യയന വർഷത്തിലേക്ക് കുട്ടികളെ സ്വീകരിക്കുന്നതിനായി PROMO വീഡിയോസ് തയ്യാറാക്കി.



ജൂൺ 25

## LK അഭിരുചി പരീക്ഷ

ക്ലബ്ബിന്റെ 2025 -2028 പുതിയ ബാച്ചിലേക്ക് അംഗങ്ങളെ തിരഞ്ഞെടുത്തു .ക്ലബ്ബിന്റെ പ്രവർത്തനങ്ങളിൽ ആഴമുള്ള താല്പര്യവും ,ഐടി രംഗത്തുള്ള കഴിവുകളും പ്രകടിപ്പിച്ച എട്ടാം ക്ലാസിലെ വിദ്യാർത്ഥികളാണ് ഈ തെരഞ്ഞെടുപ്പിലൂടെ അംഗത്വം നേടിയത് .പരീക്ഷയുടെ അടിസ്ഥാനത്തിൽ നടത്തിയ തെരഞ്ഞെടുപ്പിൽ 92 വിദ്യാർത്ഥികൾ പങ്കെടുത്തു. തിരഞ്ഞെടുക്കപ്പെട്ട 40 വിദ്യാർഥികൾക്കാണ് ലിറ്റിൽ കൈറ്റ് അംഗത്വം ലഭിച്ചത്. വിദ്യാർത്ഥികളിലെ സാങ്കേതിക പ്രതിഭ കണ്ടെത്തുന്നതിനും അവരെ ഉചിതമായി പരിശീലിപ്പിക്കുന്നതിനും ഈ തെരഞ്ഞെടുപ്പ് സഹായകമായിരിക്കുന്നു. പുതിയ അംഗങ്ങൾക്ക് ക്ലബ്ബിന്റെ വിവിധ ശില്പശാലകളിലും പരിശീലനങ്ങളും സജീവ പങ്കാളിത്തം ഉറപ്പാക്കാനാകും ,ടെക്നോളജിയെ സാമൂഹിക ഉദ്ദേശങ്ങൾക്കായി ഉപയോഗിക്കാൻ മികച്ച വേദിയാകും.




#LK അംഗങ്ങളുടെ ROUTINE ക്ലാസുകൾ തുടങ്ങി

**<u>2025 JULY</u>**

ഈ വർഷത്തെ ചാന്ദ്രദിനത്തോടനുബന്ധിച്ച് ജൂലൈ 21 ന് സയൻസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ കുട്ടികൾക്കായി ചന്ദ്രനുമായി ബന്ധപ്പെട്ട വീഡിയോ മേക്കിങ് കോമ്പറ്റീഷൻ നടത്തുകയുണ്ടായി .ഈ വീഡിയോ മേക്കിങ് കോമ്പറ്റീഷനിൽ ലിറ്റിൽ കൈറ്റ് അംഗങ്ങളായ ഗൗതം കൃഷ്ണ ,ആകർഷ ,യദു നന്ദൻ എന്നീ കുട്ടികൾ സമ്മാനത്തിന് അർഹരായി .







MONTHLY NEWS PAPER എന്ന സംരംഭം ലിറ്റിൽ കൈറ്റ് അംഗങ്ങൾ പുതുതായി തുടങ്ങിവച്ചു. ഓരോ മാസത്തിലെയും സ്കൂൾതല വാർത്തകൾ ഉൾപ്പെടുത്തി കൊണ്ടാണ് **തിരനോട്ടം** എന്ന പേരിൽ പേപ്പർ ഇറക്കിയത്.

**2025 AUGUST**

എട്ടാം ക്ലാസ് വിദ്യാർത്ഥികൾക്കായി LK പ്രവർത്തനങ്ങൾ പരിചയപ്പെടുത്തൽ... LK അംഗങ്ങളുടെ ക്ലാസുകൾ എന്നിവ നടന്നു.

**2025 SEPTEMBER**

2025-- 28 ബാച്ചിന്റെ പ്രിലിമിനറി ക്യാമ്പ് 18/9 2025 ന നടത്തി. തുടർന്ന് PARENTS മീറ്റിംഗ് നടത്തി.

**ഫ്രീ സോഫ്റ്റ്‌വെയർ ബോധവൽക്കരണം**

15/9/25 മുതൽ ഒരാഴ്ച നീണ്ടുനിന്ന സ്വതന്ത്ര സോഫ്റ്റ്‌വെയർ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി. FOSS CORNER ഉണ്ടാക്കി, LK അംഗങ്ങൾ ഒരാഴ്ചയോളം പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം വഴി ഓരോ സ്വതന്ത്ര സോഫ്റ്റ്‌വെയർ ഉപജ്ഞാതാവിനെ പരിചയപ്പെടുത്തി. ഫ്രീ സോഫ്റ്റ്‌വെയർ പ്രതിജ്ഞ.. എന്നിവ നടന്നു.




TSNMHS KUNDURKUNNU സ്കൂളിലെ കൈറ്റ കുട്ടികൾക്കായി ഒരു **റോബോട്ടിക് വർക്ക്ഷോപ്പ്** നടത്തി . inno roots AI അക്കാഡമിയുടെ സഹകരണത്തോടുകൂടിയാണ് ഈ പരിപാടി നടത്തിയത് .



**2025 ഒക്ടോബർ**

ഐടി മേളയിൽ സജീവ പങ്കാളിത്തം

ശാസ്ത്രമേളയിലെ പുതിയ ഇനങ്ങൾ ആയ IOT,റോബോട്ടിക്സ് തുടങ്ങിയവ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ ലിറ്റിൽ കൈറ്റ്സിന്റെ സഹായത്തോടുകൂടി തയ്യാറാക്കി അവതരിപ്പിച്ചു.

**റോബോട്ടിക് എക്സ്പോ** സംഘടിപ്പിച്ചു

പത്താം ക്ലാസിലെ റോബോട്ടിക്സ് ഭാഗം പഠിപ്പിക്കുന്നതിനായി LK അംഗങ്ങളുടെ നേതൃത്വത്തിൽ റോബോട്ടിക്സ് എക്സ്പോ സംഘടിപ്പിച്ചു.




**<u>2025 നവംബർ</u>**

സ്കൂൾ ലെവൽ ക്യാമ്പ് 41 /41(2024-27 BATCH ) കുട്ടികൾ പങ്കെടുത്തു. 8 കുട്ടികൾക്ക് സബ് ജില്ലയിലേക്ക് സെലക്ഷൻ ലഭിച്ചു. LK സെലക്ഷൻ കിട്ടാത്ത കുട്ടികൾക്കും മറ്റ് ക്ലബ് അംഗങ്ങൾക്കും ആയി അനിമേഷൻ, പ്രോഗ്രാമിംഗ് ക്ലാസുകൾ നടത്തി.

**<u>2025 DECEMBER</u>**

ARDUINO പരിശീലനം നടന്നു

പത്താം ക്ലാസിലെ വിദ്യാർത്ഥികൾക്ക് ആത്മവിശ്വാസത്തോടെ പൊതുപരീക്ഷ മികച്ച രീതിയിൽ എഴുതാനും,AI& റോബോട്ടിക് രംഗത്തെ കൂടുതൽ സാധ്യതകൾ പരിചയപ്പെടുത്താനും LK അംഗങ്ങൾക്ക് സാധിച്ചു.

എൽകെ അംഗങ്ങളുടെ ROUTINE ക്ലാസുകൾ..

**<u>2026 JANUARY/FEBRUARY</u>**

പ്രോഗ്രാമിംഗ് വിഭാഗത്തിൽ പങ്കെടുത്ത ആകർഷ എസ് എന്ന വിദ്യാർത്ഥിനിക്ക് ജില്ലയിലേക്ക് സെലക്ഷൻ ലഭിച്ചു.

എൽകെ അംഗങ്ങളുടെ ROUTINE ക്ലാസുകൾ..

**2026 MARCH**

**സർവ്വം എ ഐ മയം**






സർവ്വം എ ഐ മയം

രക്ഷിതാക്കൾക്കുള്ള ബോധവൽക്കരണ ക്ലാസിൽ 10 പേർ പങ്കെടുത്തു. ലിറ്റിൽ കൈറ്റ് അംഗങ്ങൾ തന്നെയാണ് ഈ ക്ലാസുകൾ സംഘടിപ്പിച്ചത്.





സർവ്വം AI മയം എന്ന പരിപാടി കൂടുതൽ ആളുകളിലേക്ക് എത്തിക്കുക എത്തിക്കുക എന്ന ഉദ്ദേശത്തോടുകൂടി ലിറ്റിൽ കൈറ്റ് അംഗങ്ങൾ വിവിധ ഗ്രൂപ്പുകളായി തിരിഞ്ഞ് അവരുടെ തൊട്ടടുത്ത അംഗൻവാടികളിലോ ക്ലബ്ബുകളിലോ വെച്ച് സർവ്വം AI മയം എന്ന ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു. രക്ഷിതാക്കളിൽ നിന്നും നല്ല സഹകരണമാണ് ഉണ്ടായത് എല്ലാ കുട്ടികളും RP മാരായി 200 ഓളം രക്ഷിതാക്കളെ ബോധവൽക്കരിക്കാൻ കഴിഞ്ഞു.